**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6286** **17-03-2023 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ അവസാനമായി കമ്പ്യൂട്ടറുകൾ വിതരണം ചെയ്തത് എന്നാണെന്ന് അറിയിക്കാമോ; | (എ) | 2021-22 വർഷത്തെ പദ്ധതി വിഹിതം ഉപയോഗിച്ച് വാങ്ങിയ 75 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 4 ലാപ്പ്ടോപ് കമ്പ്യൂട്ടറുകളുമാണ് രജിസ്ട്രേഷൻ വകുപ്പിൽ അവസാനമായി വിതരണം ചെയ്തിട്ടുള്ളത്. അവയുടെ വിതരണം 2022 ജൂലൈ മാസത്തിലാണ് പൂർത്തിയായിട്ടുള്ളത്. |
| (ബി) | കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് ഏതെങ്കിലും ഏജൻസിക്ക് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസി അവ യഥാസമയം വിതരണം ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (ബി) | സർക്കാരിന്റെ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് ആന്റ് റേറ്റ് കോൺട്രാക്ട് സിസ്റ്റം (CPRCS) മുഖേന 94ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 31 ലാപ്പ്ടോപ് കമ്പ്യൂട്ടറുകളും വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി.മിഷന് തുക കൈമാറിയിട്ടുണ്ട്. ഇവ യഥാസമയം വിതരണം ചെയ്യാതിരിക്കുന്നതിനുള്ള കാരണം പ്രസ്തുത ഏജൻസി നാളിതുവരെ അറിയിച്ചിട്ടില്ല. |
| (സി) | നിലവിൽ രജിസ്ട്രേഷൻ വകുപ്പിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളുടെ കാലപ്പഴക്കം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ? | (സി) | LENOVO യുടെ V50T Gen 2-131OB മോഡൽ കമ്പ്യൂട്ടറുകൾ 75 എണ്ണം 8 മാസം പഴക്കമുള്ളവയും, വകുപ്പിൽ ഉപയോഗിക്കുന്ന മറ്റു കമ്പ്യൂട്ടറുകൾ 2 മുതൽ 5 വർഷത്തിൽ അധികം പഴക്കമുള്ളവയുമാണ്. |

സെക്ഷൻ ഓഫീസർ